## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 438** **28.06.2011 - ൽ മറുപടിക്ക്**

### കൈത്തറി മേഖലയുടെ വികസനത്തിനായുള്ള പഠന റിപ്പോർട്ട്

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. ജെയിംസ് മാത്യു
ശ്രീ. ആർ. സെൽവരാജ്
ശ്രീ. സി. കൃഷ്ണൻ

(എ) കൈത്തറി മേഖലയുടെ വികസനത്തിനായി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

(എ) ഉണ്ട്. ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ച ശേഷം ശുപാർശകളിൽ അടിയന്തിരമായും മുൻഗണനാ ക്രമത്തിലും നടപ്പിലാക്കേണ്ടവയിൽ ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കാൻ കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ ചില പ്രധാന ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചു വരുന്നുണ്ട്. അവ ചുരുക്കത്തിൽ താഴെ വിവരിക്കുന്നു.

ഹാന്റക്സ്, ഹാൻവീവ് പ്രൈമറി കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയുടെ കടങ്ങൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ആകെ ചെലവിന്റെ 20% സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതാണ്. കൈത്തറി മേഖലയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികളനുസരിച്ചുള്ള ധനസഹായം അർഹതയുള്ള സംഘങ്ങൾക്ക് നൽകുന്നുണ്ട്. ഭീമമായ കുടിശ്ശികകളൊന്നും തന്നെ സർക്കാർ പദ്ധതികളുടെ ഭാഗമായി സംഘങ്ങൾക്ക് നൽകാനില്ല.

പ്രാഥമിക സംഘങ്ങൾക്ക് ഹാന്റക്സ് നൽകാനുള്ള തുകയും സമയബന്ധിതമായി

നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് യാൺ ബാങ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ ഹാങ്ക് യാൺ-ന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അസംസ്കൃത വസ്തുക്കളുടെ വിലയിലുള്ള വ്യതിയാനം പിടിച്ചു നിർത്തുന്നതിന് കഴിനൂൽ സബ്സിഡി സമ്പ്രദായം നടപ്പിലാക്കി വരുന്നു. ഉല്പ്പന്ന വൈവിദ്ധ്യവൽക്കരണത്തിനും കലാമേന്മ വർദ്ധിപ്പിക്കുന്നതിനും, നിഫ്റ്റ്, ഐ. . എച്ച്. റ്റി. റ്റി, വീവേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഡോബി, ജക്കാർഡ് തുടങ്ങിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും നൽകുന്നുണ്ട്. കൈത്തറി പ്രചാരണ പരിപാടികൾ ശക്തമാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഭൗമ സൂചക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള ബാലരാമപുരം, ചേന്ദമംഗലം, കുത്താമ്പുള്ളി, കണ്ണൂർ, കാസർഗോഡ് എന്നീ കൈത്തറി മേഖലയെ കുറിച്ചുള്ള ഡോക്യുമെന്ററി ഫിലിമുകൾ നിർമ്മിച്ച് പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. സുപ്രസിദ്ധ സിനിമാതാരം പത്മശ്രീ മോഹൻലാലിനെ കൈത്തറിയുടെ ഗുഡ് വിൽ അംബാസിഡറായി പ്രഖ്യാപിക്കുകയും അതനുസരിച്ചുള്ള വ്യാപകമായ പരസ്യ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വ്യാജ ഉല്പ്പന്നങ്ങളുടെ കടന്നുകയറ്റം തടയുന്നതിനായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗം കൈത്തറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റു ശുപാർശകളിന്മേലുള്ള

നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണ്.

(ബി) ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതിനനുസരിച്ച് വിപണനം സാദ്ധ്യമാക്കുന്നതിനും ഇന്നുള്ള പ്രമുഖ പ്രതിബന്ധം എന്തെല്ലാമാണ്;

(ബി) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വർദ്ധിച്ച വിലയും, നെയ്ത്തുകാരുടെ കൊഴിഞ്ഞുപോക്കും മൂലധനക്കുറവും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു തടസ്സമാകുന്നു. കൂടാതെ വിപണന രംഗത്ത് മിൽത്തുണികളുടെ സാന്നിദ്ധ്യവും അവയുടെ വില. കുറവും കൈത്തറി തുണികളുടെ ഉയർന്ന വിലയും വിദേശ മാർക്കറ്റിൽ കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ഇടിവും വിപണനത്തിന് തടസ്സമാകുന്നു.

(സി) എങ്കിൽ മുൻ സർക്കാർ ഇവ തരണം ചെയ്യുന്നതിന് സ്വീകരിച്ചുപോന്ന നടപടികൾ തുടർന്നും നടപ്പാക്കുമോ;

(സി) മുൻ സർക്കാർ സ്വീകരിച്ച നടപടികൾ തുടർന്നും നടപ്പിലാക്കുന്നതാണ്.

(ഡി) 2003-04 മുതലുള്ള ഓരോ സാമ്പത്തിക വർഷവും ഈ മേഖലയിൽ സർക്കാർ നൽകിയ മൊത്തം ധനസഹായത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഡി) 2003-04 മുതൽ വിവിധ പദ്ധതി/ പദ്ധതിയേതര ഇനങ്ങൾക്കായി സർക്കാർ ചെലവഴിച്ച ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | പദ്ധതി (തുക ലക്ഷത്തിൽ) | പദ്ധതിയേതര ഇനം (തുക ലക്ഷത്തിൽ) | ആകെ (തുക ലക്ഷത്തിൽ) |
|---|---|---|---|
| 2003-04 | 2493.36 | 149.99 | 2643.35 |
| 2004-05 | 2322.86 | 437.50 | 2760.36 |
| 2005-06 | 1606.99 | 1291.69 | 2898.68 |
| 2006-07 | 1591.59 | 643.51 | 2235.10 |
| 2007-08 | 3450.82 | 723.16 | 4173.98 |
| 2008-09 | 6035.89 | 2175.93 | 8211.82 |
| 2009-10 | 5124.71 | 484.00 | 5608.71 |
| 2010-11 | 6760.49 | 651.54 | 7412.03 |

സെക്ഷൻ ഓഫീസർ